**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ആലപ്പുഴ ജില്ലയിലെ ചേർത്തല ശ്രീ നാരായണ മെമ്മോറിയൽ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ - 2025-2026 അധ്യയന വർഷം മുതൽ മിക്സഡ് സ്കൂൾ ആക്കുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2528/2025/GEDN തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:-
1. 21.06.2022-ലെ GEDN-F3/173/2022-G.EDN നമ്പർ സർക്കുലർ
2. ശ്രീ നാരായണ മെമ്മോറിയൽ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ അധികാരികൾ സമർപ്പിച്ച 24/01/2025 -ലെ നിവേദനം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31/03/2025 ലെ DGE/2078/2025-H4 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ചേർത്തല ശ്രീ നാരായണ മെമ്മോറിയൽ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ 5 മുതൽ 10 വരെ ക്ലാസുകളിൽ പെൺകുട്ടികൾക്കു കൂടി അഡ്മിഷൻ നൽകി സ്കൂൾ മിക്സഡ് ആക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് സ്കൂൾ അധികാരികൾ പരാമർശം (2) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2. ടി വിഷയത്തിൽ വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ച റിപ്പോർട്ടിൽ ചേർത്തല എസ്. എൻ. എം. ഗവ: ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യമാണുള്ളതെന്നും 5 മുതൽ 10 വരെയുള്ള ക്ലാസുകളിൽ 248 കുട്ടികൾ പഠിക്കുന്നുണ്ടെന്നും, മതിയായ ക്ലാസ്സ് റൂമുകൾ, ഫർണ്ണിച്ചർ സൗകര്യങ്ങൾ, കുടിവെള്ളം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവ നിലവിലുണ്ടെന്നും റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ ടിങ്കറിങ് ലാബ്, കുസാറ്റിന്റെ ക്രിയേറ്റിവ് കോർണർ എന്നിവ പണിപൂർത്തിയായി വരുന്നുവെന്നും കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുതിയ രണ്ടുനില കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നുവെന്നും റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ, പ്രധാനാധ്യാപികയുടെ അപേക്ഷ, അധ്യാപക- രക്ഷാകർത്തൃ സമിതിയുടെ അപേക്ഷ, ചേർത്തല മുൻസിപ്പാലിറ്റിയുടെ ശിപാർശ, ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സന്ദർശന റിപ്പോർട്ട് എന്നിവയും ഉള്ളടക്കം ചെയ്തിരുന്നു.

3. സർക്കാർ ഈ വിഷയം വിദ്യാഭ്യാസ അധികാരികൾ സമർപ്പിച്ച രേഖകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വിദ്യാഭ്യാസ അധികാരികളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലയിലെ ചേർത്തല ശ്രീ നാരായണ മെമ്മോറിയൽ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ 2025-2026 അധ്യയന വർഷം മുതൽ 5 മുതൽ 10 വരെ ക്ലാസുകളിൽ പെൺകുട്ടികൾക്കു കൂടി അഡ്മിഷൻ നൽകി സ്കൂൾ മിക്സഡ് ആക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുകുമാർ ബി റ്റി

ജോയിന്റ് സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ
3. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേർത്തല
4. പ്രധാനാധ്യാപിക, ശ്രീ നാരായണ മെമ്മോറിയൽ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ, ചേർത്തല, ആലപ്പുഴ.
5. കരുതൽ ഫയൽ/കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Deepu B

Date: 08-04-2025 13:21:32

സെക്ഷൻ ഓഫീസർ